# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 231 03/02/2020-ൽ മറുപടിക്ക്

## ക്യാൻസർ രോഗബാധിതരുടെ എണ്ണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) കോതമംഗലം താലൂക്കിലെ ക്യാൻസർ രോഗബാധിതരുടെ കണക്ക് ആരോഗ്യവകുപ്പ് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | ഇല്ല. |
| ബി) കോതമംഗലം താലൂക്കിൽ ക്യാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) എങ്കിൽ ഇത്തരത്തിൽ ക്യാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ പഠനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| ഡി) പ്രസ്തുത വിഷയത്തിൽ വിദഗ്ധ ആരോഗ്യ സംഘത്തെ നിയോഗിച്ച് ശാസ്ത്രീയ പഠനം നടത്തി ക്യാൻസർ രോഗം വരാതിരിക്കുന്നതിനു വേണ്ട ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി) | കാൻസർ ബോധവൽക്കരണം ആരോഗ്യ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ചെലുത്തുന്ന മേഖലയാണ്. കാൻസർ ബാധിച്ചവർക്ക് രോഗത്തെക്കുറിച്ചുള്ള ഭയാശങ്കകൾ അകറ്റുന്നതിനും രോഗം വരാത്തവർക്ക് രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകളെക്കുറിച്ചുമാണ് പ്രധാനമായും ബോധവൽക്കരണം നടത്തി വരുന്നത്. ലഘുലേഖകൾ, പോസ്റ്ററുകൾ, എക്സിബിഷനുകൾ, ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ തുടങ്ങി ഹ്രസ്വ ചിത്രങ്ങൾ, സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചരണങ്ങൾ തുടങ്ങിയവയാണ് കാൻസർ ബോധവൽക്കരണം നടത്തുന്നതിന് വേണ്ടി പ്രധാനമായും ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ